## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.4981

14/11/2019 ൽ മറുപടിക്ക്

## റീസർവ്വേ നടപടി സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള തീരുമാനം

**ചോദ്യം**

**ശ്രീ.ഡി.കെ. മുരളി**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഭൂമിയുടെ റീസർവ്വേ പൂർത്തിയാക്കുന്ന പ്രവൃത്തി സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ; | (എ) | 10/05/2018 ലെ സ.ഉ.(എം.എസ്) 181/2018/റവന്യൂ നമ്പർ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ ട്രെയിനിംഗ് സ്കൂളിൽ നിന്നും ട്രെയിനിംഗ് ലഭിച്ചവരെ ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാൻഡ് സർവ്വെ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത തീരുമാനമെടുത്തത് എന്തുകൊണ്ടാണെന്നുള്ള കാര്യങ്ങൾ വിശദീകരിക്കാമോ? | (ബി) | സർവ്വെ വകുപ്പിലെ റീസർവ്വെ യൂണിറ്റുകളിലെ ജീവനക്കാരെ നിലവിൽ റീസർവ്വെ പ്രവർത്തനങ്ങൾക്കുപരിയായി സ്പെഷ്യൽ സർവ്വെ, LA ജോലികൾ, LRM ജോലികൾ, NH ജോലികൾ എന്നിവയ്ക്കായും നിയോഗിച്ച് വരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ സംസ്ഥാനത്തെ റീ സർവ്വെ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി തീർപ്പാക്കാൻ കഴിയുകയില്ല എന്ന വസ്തുത കണക്കിലെടുത്താണ് സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി റീസർവ്വെ നടത്തുവാൻ തീരുമാനമെടുത്തത്. |

സെക്ഷൻ ഓഫീസർ